"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.വിവേക് സ്റ്റീഫൻ, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM)- 750/2025-യിന്മേലുള്ള 03.06.2025 തീയതിയിലെ അന്തിമ ഉത്തരവ് - അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2861/2025/H&FWD തീയതി,തിരുവനന്തപുരം, 19-09-2025

---

പരാമർശം:-

1. ഡോ.വിവേക് സ്റ്റീഫൻ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് മുമ്പാകെ സമർപ്പിച്ച 02.06.2025 തീയതിയായ അപേക്ഷ (Annexure-A9).
2. ഡോ.വിവേക് സ്റ്റീഫൻ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM)- 750/2025 മേലുള്ള 03-06-2025 തീയതിയിലെ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16-07-2025 തീയതിയിലെ ഇബി1-13912/2025/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ: വിവേക് സ്റ്റീഫൻ സ്ഥലംമാറ്റത്തിനെതിരെ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM)750/ 2025 മേലുള്ള പരാമർശം (2) ഉത്തരവിൽ പരാതിക്കാരനെയും ഇതുമായി ബന്ധപ്പെട്ട മറ്റ് കക്ഷികളെയും നേരിൽ കേട്ട് പരാമർശം (1) പ്രകാരമുള്ള അപ്പീൽ പരിശോധിച്ച് ഉത്തരവാകണമെന്ന് ബഹു ട്രിബ്യൂണൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ വിവേക് സ്റ്റീഫനെയും ഡോ.ശ്രീകാന്തിനെയും നേരിൽ കേട്ടിരുന്നു.

2. നേരിൽ കേട്ട സമയത്ത് ഡോ വിവേക് സ്റ്റീഫൻ താഴെപ്പറയുന്ന പ്രകാരം ബോധിപ്പിച്ചിരുന്നു.

അസിസ്റ്റന്റ് സർജനായി 28.11.2007 ൽ ഇടുക്കി ജില്ലയിലെ കരുണാപുരം സി എച്ച്

സിയിൽ ജോലിയിൽ പ്രവേശിച്ചു. 2018 ഓഗസ്റ്റിൽ ജൂനിയർ കൺസൾട്ടന്റായി പ്രൊമോഷൻ ലഭിച്ചു. പാലക്കാട് ജില്ലയിലെ അഗളി സി എച്ച് സിയിൽ നിയമനം ലഭിക്കുകയുണ്ടായി. 2023 ലെ ജനറൽ ട്രാൻസ്ഫറിൽ മൂന്നാമത്തെ ഓപ്ഷനായി കോതമംഗലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രാൻസ്ഫർ ലഭിക്കുകയും 11.07.2023 ൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. 2023 ജൂലായിൽ ആലുവ ജില്ലാ ആശുപത്രിയിൽ ഉണ്ടായ വേക്കൻസിയിൽ ഡോക്ടർ ശ്രീനാഥ്.ഇ.വി എന്ന വ്യക്തിയെ പ്രൊമോട്ട് ചെയ്തു നിയമിക്കുകയും തന്റെ ക്ലെയിം പരിഗണിക്കാതിരുന്നതിനാൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA (EKM) 1613/2024 ഫയൽ ചെയ്യുകയും ബഹു.കോടതി ഉത്തരവ് പ്രകാരം ടി കേസിൽ അപേക്ഷകൻ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് അവരെ നേരിൽ കേട്ട് തീരുമാനം എടുക്കുന്നതിനു നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം 25.02.2025 ലെ സ.ഉ(ആർടി) 539/2025/ആ.കു.വ ഉത്തരവിലൂടെ 2025 ലെ പൊതു ട്രാൻസ്ഫറിൽ റിവ്യൂ ചെയ്യുന്നതാണെന്ന വ്യവസ്ഥയോടെ ആലുവ ജില്ലാ ആശുപത്രിയിൽ നിയമിക്കുകയുണ്ടായി. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. അങ്ങനെ തുടരവേ 2025 ലെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുകയും കരട് ലിസ്റ്റിൽ ഉൾപ്പെട്ട് തൊടുപുഴ ജില്ലാ ആശുപത്രിയിലേയ്ക്ക് നിയമിക്കുന്നതിന് ശിപാർശ ചെയ്യുകയുമുണ്ടായി. അന്തിമ ലിസ്റ്റ് പ്രകാരം തൊടുപുഴ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുകയുമുണ്ടായി. താൻ മൂന്നുമാസം മാത്രമേ ആലുവ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തുള്ളു എന്നും 2025 ലെ പൊതുസ്ഥലംമാറ്റം, പൊതുസ്ഥലംമാറ്റത്തിനുള്ള ഗൈഡ് ലൈൻസിന്റെ ലംഘനമാണെന്നും ചൂണ്ടികാട്ടുകയുണ്ടായി. തന്നെക്കാളും ജൂനിയർ ആയ ശ്രീകാന്തിനെയാണ് ആലുവ ജില്ലാ ആശുപത്രിയിൽ നിയമിച്ചത്. കരട് ട്രാൻസ്ഫർ ലിസ്റ്റിൽ Sl.No.8 ആയി ഫോർട്ട് കൊച്ചി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ:രാജ് ആണ്ടർസൺ കോറിയ എന്ന ഡോക്ടർ പുനലൂർ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുന്നതിനായി ഉൾപ്പെട്ടിരുന്നു. എന്നാൽ, അന്തിമ ലിസ്റ്റിൽ ടിയാളെ ഒഴിവാക്കിയിരുന്നു. ടി ഡോക്ടറെ പുനലൂർ താലൂക്ക്

ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിയമിച്ചിരുന്നുവെങ്കിൽ, തനിക്ക് ആലുവ ജില്ലാ ആശുപത്രിയിൽ നിന്നും പോകേണ്ടിവരില്ലായിരുന്നു. തന്റെ മാതാവിന് വിവിധ അസുഖങ്ങളുണ്ടെന്നും അതിനാൽ അവർക്ക് തന്റെ പരിചരണം ആവശ്യമുണ്ടെന്നും അറിയിച്ചു. അതിനുപരിയായി തനിക്ക് Coronory Arteryയുമായി ബന്ധപ്പെട്ട അസുഖമുണ്ടെന്നും അതിനാലാണ് ആലുവ ജില്ലാ ആശുപത്രിയിൽ നിയമിക്കണമെന്ന് ആവശ്യപ്പെടുന്നതെന്നും അറിയിച്ചു. മേൽ വസ്തുതകൾ പരിഗണിച്ച് ആലുവ ആശുപത്രിയിൽ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

3. നേരിൽ കേട്ട സമയത്ത് ഡോ: ശ്രീകാന്ത്. പി താഴെപ്പറയുന്ന വിവരങ്ങൾ ബോധിപ്പിച്ചിരുന്നു.

20.07.2010 തീയതിയിൽ അസിസ്റ്റന്റ് സർജനായി സർവീസിൽ പ്രവേശിച്ച ഡോ:ശ്രീകാന്ത്. പി യുടെ ആദ്യത്തെ നിയമനം , പത്തനംതിട്ട വെച്ചൂച്ചിറ സി എച്ച് സി യിൽ ആയിരുന്നു. പിന്നീട് 23.2.2013 മുതൽ 22.10.2013 വരെ 242 ദിവസം കാസർകോഡ് ജില്ലയിലുള്ള കുമ്പടാജെ പി എച്ച് സി യിൽ സേവനം അനുഷ്ഠിച്ചു. 23.10.2013 മുതൽ 05.06.2018 വരെ പാലക്കാട് ജില്ലയിലെ കാവശ്ശേരി പി എച്ച് സി യിലും, പഴമ്പാലക്കോട് സി എച്ച് സി യിലും , പിന്നീട് 06.06.2018 മുതൽ 29.02.2020 വരെ പത്തനംതിട്ട ജനറൽ ആശുപത്രിയിലും പ്രവർത്തിയെടുത്തു. 01.03.2020 മുതൽ പത്തനംതിട്ടയിലെ തന്നെ എഴുമറ്റൂർ സി എച്ച് സി യിൽ പ്രവർത്തിയെടുത്തു വരവേ സ്ഥലംമാറ്റം ലഭിച്ചതിനെ തുടർന്ന് 20.02.2021 മുതൽ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ജൂനിയർ കൺസൾട്ടന്റ് ആയി നിയമനം ലഭിച്ചതിനെ തുടർന്ന് 02.07.2021 മുതൽ പുനലൂർ താലൂക്കാശുപത്രിയിൽ തുടർന്ന് വരികയും ചെയ്യുന്നു . താൻ മിശ്ര വിവാഹിതനാണ് . പൊതുസ്ഥലംമാറ്റത്തിൽ മിശ്ര വിവാഹിതർക്ക് പരിഗണന നൽകുന്നുണ്ടെങ്കിലും നാളിതുവരെ അത്തരം ഒരു മുൻഗണന പൊതുസ്ഥലം മാറ്റത്തിന്റെ കാര്യത്തിൽ ലഭിച്ചിട്ടില്ല. ഭാര്യ ആരോഗ്യ വകുപ്പിന് കീഴിൽ തന്നെ

എറണാംകുളം ജില്ലയിലെ സി എച്ച് സി കോടനാടിൽ അസിസ്റ്റന്റ് സർജനായി 07.06.2025 മുതൽ പ്രവർത്തിയെടുത്തുവരുന്നു . മകൾ പൂക്കാട്ടുപടി കൊച്ചിൻ ഇന്റർനാഷണൽ സ്കൂളിൽ ഏഴാം ക്ലാസ് വിദ്യാർഥിനിയാണ്. മിശ്രവിവാഹിതൻ എന്ന നിലയിൽ പൊതുസ്ഥലം മാറ്റത്തിൽ മുൻഗണനയ്ക്ക് അർഹതയുള്ളതാണ്. മാത്രമല്ല, പൊതുസ്ഥലം മാറ്റത്തിന്റെ guidelines പ്രകാരം സൂചന 1 ൽ ഭാര്യയ്ക്കും ഭർത്താവിനും ഒരേ സ്റ്റേഷനിൽ തന്നെ ജോലി ചെയ്യുന്നതിന് സുഗമമാക്കുന്ന സ്ഥലം മാറ്റം അനുവദിക്കുന്നതാണെന്നു നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 2025 ലെ പൊതുസ്ഥലമാറ്റത്തിനായി അപേക്ഷകൾ ക്ഷണിച്ചപ്പോൾ അപേക്ഷ സമർപ്പിക്കുകയുണ്ടായി . ആലുവയിലുള്ള ജില്ലാ ആശുപത്രിയാണ് ഒന്നാം ഓപ്ഷൻ ആയിനൽകിയത്. കരട് പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ ഒന്നാമത്തെ ഓപ്ഷനിലേക്ക് തന്നെ ആണ് പരിഗണിച്ചത്. തുടർന്ന് അന്തിമ സ്ഥലംമാറ്റ ഉത്തരവിലും ആലുവയിലുള്ള ജില്ലാ ആശുപത്രിയിലേക്ക് തന്നെ ആണ് സ്ഥലംമാറ്റം നൽകി ഉത്തരവായത്.

05.12.2019 മുതൽ 04.07.2023 വരെ ആലുവ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്ത ഡോ:വിവേക് സ്റ്റീഫന് , 2023 ലെ പൊതുസ്ഥലമാറ്റത്തിലാണ് തന്റെ മൂന്നാമത്തെ ഓപ്ഷനായ കോതമംഗലം താലൂക്കാസ്ഥാന ആശപത്രിയിലേക്ക് സ്ഥലം മാറ്റം ലഭിച്ചത്. എന്നാൽ തൊട്ടടുത്ത വർഷം നടന്ന പൊതുസ്ഥലംമാറ്റത്തിൽ ഡോ: വിവേക് സ്റ്റീഫൻ ആലുവ ജില്ലാ ആശുപത്രിയിലേയ്ക്ക് വീണ്ടും സ്ഥലംമാറ്റം ആവശ്യപ്പെട്ടുകയായിരുന്നു. തുടർന്ന് ഡോ:വിവേക് സ്റ്റീഫൻ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും, ട്രൈബ്യൂണലിന്റെ നിർദ്ദേശത്തെ തുടർന്ന് 2025 ലെ പൊതുസ്ഥലംമാറ്റത്തിൽ പുനഃപരിശോധിക്കുമെന്ന വ്യവസ്ഥയിൽ ഡോ: വിവേക് സ്റ്റീഫന്, ആലുവ ജില്ല ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകുകയായിരുന്നു. 2025 ലെ പൊതുസ്ഥലംമാറ്റത്തിൽ പുനഃപരിശോധിക്കുമെന്ന കൃത്യമായ വ്യവസ്ഥയിൽ ലഭിച്ച സ്ഥലംമാറ്റം ആയതിനാൽ, തനിക്ക് ആലുവയിലേയ്ക്ക് ലഭിച്ച സ്ഥലംമാറ്റം ചോദ്യം ചെയ്യാൻ ഡോ: വിവേകിന് യാതൊരു അവകാശവുമില്ല. മാത്രമല്ല 2005 ൽ അസിസ്റ്റന്റ് സർജനായി ജോലിയിൽ പ്രവേശിച്ച

ഡോ.വിവേക് എറണാംകുളം ജില്ലയ്ക്ക് പുറത്ത് മൂന്നുവർഷം പോലും തികച്ചും ജോലി ചെയ്തിട്ടില്ല. ഏകദേശം 2 വർഷത്തോളം ഇടുക്കിയിലും, 2 മാസത്തോളം പാലക്കാടും ജോലി ചെയ്തതാണ് 20 വർഷത്തിനിടയിൽ ഡോ:വിവേകിന്റെ ആകെയുള്ള ഔട്ട്സ്റ്റേഷൻ സർവീസ്. 18 വർഷത്തോളമുള്ള ഡോ.വിവേകിന്റെ ബാക്കി സർവീസ് എറണാകുളം ജില്ലയിൽത്തന്നെയാണ്. മാത്രമല്ല, ഡോ.വിവേക് സ്റ്റീഫന് പൊതുസ്ഥലം മാറ്റവുമായി ബന്ധപെട്ട യാതൊരു മുൻഗണനയ്ക്കും പരിരക്ഷയ്ക്കും അർഹതയില്ല. മിശ്രവിവാഹിതൻ എന്ന നിലയിലും, ഡോക്ടറുടെ ഭാര്യ വകുപ്പിന് കീഴിൽ തന്നെ എറണാകുളം ജില്ലയിൽ ജോലി ചെയ്യുന്നത് പരിഗണിച്ചും,എറണാകുളത്തു നിന്നും പുനലൂരിലേക്കുള്ള ദൂരവും,ഡോക്ടറുടെ ഔട്ട് സ്റ്റേഷൻ സർവീസ് കണക്കിലെടുത്തും ആലുവ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകികൊണ്ടുള്ള ഉത്തരവ് നിലനിർത്തിക്കൊണ്ടുള്ള ഉത്തരവാകണമെന്ന് താൽപര്യപ്പെടുന്നു.

4. പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2025 ലെ പൊതു സ്ഥലംമാറ്റത്തിൽ 03.01.2021 മുതൽ പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ:ശ്രീകാന്ത്. പി ഒന്നാമത്തെ ഓപ്ഷനായി ജില്ലാ ആശുപത്രി, ആലുവ ആണ് അപേക്ഷിച്ചിരുന്നത്. ടിയാൾക്ക് Inter caste marriage employee എന്ന പരിഗണന കൂടിയുണ്ട്. 2025 ലെ പൊതു സ്ഥലംമാറ്റത്തിൽ പുനഃപരിശോധിക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയത് പുനഃപരിശോധിക്കുമെന്ന വ്യവസ്ഥയിലാണ് ഡോ: വിവേക് സ്റ്റീഫനെ ആലുവ ജില്ലാ ആശുപത്രിയിലേയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം സ്ഥലംമാറ്റിയിരുന്നത്. ആയതിനാൽ ഡോ:ശ്രീകാന്ത്.പിയുടെ അപേക്ഷ പരിഗണിക്കുന്നതിനായിട്ടാണ് ഡോ:വിവേക് സ്റ്റീഫനെ തൊടുപുഴ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി പകരം ഡോ:ശ്രീകാന്ത്.പിയെ ആലുവ ജില്ലാ ആശുപത്രിയിൽ നിയമിച്ചത്. ഡോ:വിവേക് സ്റ്റീഫന്റെ സേവന വിവരങ്ങൾ പരിശോധിച്ചതിൽ 22.07.2005 ന്

അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ടിയാൾ 22.07.2005 മുതൽ 27.11.2007 വരെ ഇടുക്കി ജില്ലയിലും 08.08.2018 മുതൽ 11.10.2018 വരെ (2 മാസം) പാലക്കാട് ജില്ലയിലും ജോലി ചെയ്തത് ഒഴികെ ഉള്ള സേവന കാലയളവ് മുഴുവനും എറണാകുളം ജില്ലയിൽ തന്നെയാണ് ജോലി ചെയ്തിട്ടുള്ളത്. കൂടാതെ 05.12.2019 മുതൽ 04.07.2023 വരെ ആലുവ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തിരുന്നു. 20.07.2010 ന് സർവീസിൽ പ്രവേശിച്ച ഡോ:ശ്രീകാന്ത്.പി 23.02.2013 മുതൽ 22.10.2013 വരെ കാസർഗോഡ് ജില്ലയിലും 23.10.2013 മുതൽ 05.06.2018 വരെ പാലക്കാട് ജില്ലയിലും 20.02.2021 മുതൽ 01.07.2021 വരെ എറണാകുളം ജില്ലയിലും 02.07.2021 മുതൽ കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലുമാണ് ജോലി ചെയ്തിട്ടുള്ളത്. ടിയാൾക്ക് ആകെ 10 വർഷത്തോളം ഔട്ട് സ്റ്റേഷൻ സർവീസ് ഉണ്ടെന്ന് കാണുന്നു. പൊതു സ്ഥലംമാറ്റ മാനദണ്ഡപ്രകാരം നിലവിലെ സ്ഥാപനത്തിൽ 3 വർഷം സേവനകാലയളവ് പൂർത്തിയാക്കിയ ഡോ:ശ്രീകാന്ത്.പിയുടെ അപേക്ഷ പരിഗണിച്ചാണ് ഡോ:വിവേക് സ്റ്റീഫനെ സ്ഥലം മാറ്റിയത്. 2024 ഒക്ടോബർ മാസത്തിൽ ആലുവ ജില്ലാ ആശുപത്രിയിൽ ഒഴിവ് നിലവിൽ വന്ന അവസരത്തിൽ പ്രസ്തുത ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് 05.07.2023 മുതൽ കോതമംഗലം താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ:വിവേക് സ്റ്റീഫനും 2023 ഡിസംബർ മുതൽ കണ്ണൂർ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ:ശ്രീനാഥ് ഇ.വിയും അപേക്ഷ സമർപ്പിക്കുകയും ഡോ:വിവേക് സ്റ്റീഫന് 2023 ലെ പൊതു സ്ഥലംമാറ്റത്തിൽ ടിയാൾ സമർപ്പിച്ച ഓപ്ഷനിലാണ് സ്ഥലം മാറ്റം നൽകിയത് എന്നുള്ളതിനാലും സർവീസിൽ ഉടനീളം ഔട്ട് സ്റ്റേഷൻ സർവീസ് മാത്രമുള്ള ഡോ:ശ്രീനാഥ് ഇ.വി കണ്ണൂർ ജില്ലയിൽ നിന്നും ഹോം സ്റ്റേഷനിലേയ്ക്ക് വരാനാണ് സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുള്ളത് എന്നതിനാലും ഡോ:ശ്രീനാഥ്.ഇ.വിയ്ക്കാണ് കൂടുതൽ അർഹത എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ് നം.ഇ.ബി 1 -4326/2024/ആ.വ.ഡ തീയതി 14.10.2024 പ്രകാരം ഡോ:ശ്രീനാഥ്.ഇ.വിയ്ക്ക് ആലുവ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയത് 2025 ലെ

പൊതു സ്ഥലംമാറ്റത്തിൽ അർഹതപ്പെട്ട ഒരു മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിന് വേണ്ടിയാണ് ഡോ:വിവേക് സ്റ്റീഫനെ സ്ഥലം മാറ്റിയത് എന്നതിനാൽ ആലുവ ജില്ലാ ആശുപത്രിയിൽ തന്നെ നില നിർത്തണമെന്ന ഡോ:വിവേക് സ്റ്റീഫന്റെ ആവശ്യം സർക്കാർ നിരസിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

5. സർക്കാർ ഈ വിഷയം വിശദമായി ട്രാൻസ്ഫർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു. 2024 ഒക്ടോബർ മാസത്തിൽ ആലുവ ജില്ലാ ആശുപത്രിയിൽ ഒഴിവ് നിലവിൽ വന്ന അവസരത്തിൽ പ്രസ്തുത ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് 05.07.2023 മുതൽ കോതമംഗലം താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ:വിവേക് സ്റ്റീഫനും 2023 ഡിസംബർ മുതൽ കണ്ണൂർ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ: ശ്രീനാഥ് ഇ.വി യും അപേക്ഷ സമർപ്പിക്കുകയുണ്ടായി. സർവീസിൽ ഉടനീളം ഔട്ട് സ്റ്റേഷൻ സർവീസ് മാത്രമുള്ളതിനാലാണ് ഡോ:ശ്രീനാഥ് ഇ.വി യുടെ ഹോംസ്റ്റേഷനിലേയ്ക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ 14.10.2024 ലെ ഇബി 1- 4326/2024/ആ.വ.ഡ ഉത്തരവ് പ്രകാരം സ്ഥലമാറ്റം നൽകിയത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 25.2.2017ലെ സ.ഉ(പി)3/2017/ഉഭപവ ഉത്തരവിൽ ഖണ്ഡിക 5 ന് ചുവടെ യുള്ള ക്ലോസുകളിൽ താഴെ പറയും വിധം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(i) ഒരാൾക്ക് അയാളുടെ രണ്ടാമത്തെയോ മൂന്നാമത്തെയോ ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലമാറ്റം കിട്ടുമ്പോൾ അയാളുടെ ഒന്നാമത്തെയും രണ്ടാമത്തെയും ഓപ്ഷൻ റദ്ദാക്കാതെ തന്നെ അടുത്ത പൊതു സ്ഥലംമാറ്റ ഉത്തരവിനിടയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിലവിലുള്ള ഓപ്ഷൻ പരിഗണിച്ച് സ്ഥലമാറ്റം നൽകേണ്ടതാണ് .

(iii) ഓപ്ഷനുകളെ അടിസ്ഥാനമാക്കിയുള്ള സ്ഥലമാറ്റങ്ങൾ സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.

(iv) ഒരു പ്രത്യേക സ്റ്റേഷനിലേയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ ഓപ്റ്റ് ചെയ്യുമ്പോൾ ഏറ്റവും സീനിയർ ആയ വ്യക്തിയെ ഒന്നാമതായി പരിഗണിക്കേണ്ടതാണ്.

(v) ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലമാറ്റം ചെയ്യപ്പെട്ടവർക്കും ഒരു വർഷം പൂർത്തിയാകുമ്പോൾ സ്ഥലമാറ്റത്തിനുവേണ്ടി ഓപ്ഷൻ നൽകാവുന്നതാണ്. എന്നാൽ അവരുടെ ഓപ്ഷൻ യാതൊരു അവകാശവാദികളുമില്ലാത്തതായ ഓപ്പൺ വേക്കൻസികൾക്കെതിരെ മാത്രവും അത്തരം സ്ഥലമാറ്റം ഏതെങ്കിലും നിർബന്ധിത സ്ഥലമാറ്റം അനിവാര്യമാക്കപ്പെടുന്നതല്ലാത്തതിനും ആണ് പരിഗണിക്കേണ്ടത്.

6. മേൽ വ്യവസ്ഥകൾ പരിശോധിച്ചാൽ 5.7.2023 മുതൽ കോതമംഗലം താലൂക്ക് ആശുപത്രിയിൽ ജോലിചെയ്തിരുന്ന ഡോ.വിവേക് സ്റ്റീഫന് 5( v ) പ്രകാരം ഒരു വർഷം പൂർത്തിയാകുമ്പോൾ സ്ഥലമാറ്റത്തിനുവേണ്ടി ഓപ്ഷൻ നൽകാവുന്നതാണ്. 2024 ഒക്ടോബറിൽ ആലുവ ജില്ലാ ആശുപത്രിയിൽ വന്ന ഒഴിവ് ഓപ്പൺ വേക്കൻസിയിൽ ഉൾപ്പെടുന്നതാണ്. 5(iii) പ്രകാരം ഓപ്ഷനുകളെ അടിസ്ഥാനമാക്കിയുള്ള സ്ഥലമാറ്റങ്ങൾ സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ് എന്നിരുന്നാലും 5(iv) പ്രകാരം ഒരു പ്രത്യേക സ്റ്റേഷനിലേയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ ഓപ്റ്റ് ചെയ്യുമ്പോൾ ഏറ്റവും സീനിയർ ആയ വ്യക്തിയെ ഒന്നാമതായി പരിഗണിക്കേണ്ടതാണ് എന്ന വ്യവസ്ഥ കണക്കിലെടുത്ത് 2024ൽ വന്ന ഒഴിവിൽ സീനിയറായ ഡോ.വിവേക് സ്റ്റീഫനാണ് നിയമിക്കപ്പെടേണ്ടിയിരുന്നത്. ഇതിനെ മറികടന്നാണ് ഡോക്ടർ ശ്രീനാഥ് ഇ.വി യെ 2024ൽ ആലുവ ജില്ലാ ആശുപത്രിയിൽ നിയമിച്ചത്. ഇക്കാരണത്താലാണ് ബഹു.അഡ്മിനിനിസ്ട്രേറ്റിവ് ട്രിബ്യൂണലിൽ OA (EKM) 1613/2024 ഡോ.വിവേക് സ്റ്റീഫൻ ഫയൽ ചെയ്യുകയും ബഹു.കോടതി ഉത്തരവ് പ്രകാരം ടി കേസിലെ അപേക്ഷകൻ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് അവരെ നേരിൽ കേട്ട് തീരുമാനം എടുക്കുന്നതിനു നിർദ്ദേശിക്കുകയുമുണ്ടായത്. കോടതി ഉത്തരവ് പരിഗണിച്ച് 25.02.2025 ലെ

സ.ഉ(ആർടി)539/2025/ആ.കു.വ ഉത്തരവിലൂടെ 2025 ലെ പൊതു ട്രാൻസ്ഫറിൽ റിവ്യൂ ചെയ്യുന്നതാണെന്ന വ്യവസ്ഥയോടെ ആലുവ ജില്ലാ ആശുപത്രിയിൽ നിയമിക്കുകയുണ്ടായി. 2025 ലെ പൊതു ട്രാൻസ്ഫറിൽ റിവ്യൂ ചെയ്യുന്നതാണെന്ന വ്യവസ്ഥ ചേർത്തിരുന്നുവെങ്കിലും മുകളിൽ വിശദമാക്കിയ കാര്യങ്ങൾ പരിഗണിക്കപ്പെടാഞ്ഞ സാഹചര്യത്തിലാണ് 2025ലെ പൊതു സ്ഥലമാറ്റത്തോട് അനുബന്ധിച്ച് ഡോ: ശ്രീകാന്ത്. പി യുടെ അപേക്ഷ പരിഗണിച്ച് ഇദ്ദേഹത്തിന് ആലുവ ജില്ലാ ആശുപത്രിയിൽ സ്ഥലമാറ്റം ലഭിച്ചത് എന്ന് കാണാവുന്നതാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 25.02.2025 ലെ സ.ഉ(ആർടി) 539/2025/ആ.കു.വ ഉത്തരവിലൂടെ ആലുവ ജില്ലാ ആശുപത്രിയിൽ നിയമിക്കപ്പെട്ട ഡോ.വിവേക് സ്റ്റീഫനെ തൊടുപുഴ ജില്ലാ ആശുപത്രിയിലേക്ക് മാറ്റി നിയമിക്കപ്പെട്ട തീരുമാനം അസാധുവാക്കിക്കൊണ്ടും, തുടർന്നും ആലുവ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്നതിന് ഡോ.വിവേക് സ്റ്റീഫനെ അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM)- 750/2025 മേലുള്ള പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ , എറണാകുളം (ആമുഖ കത്ത് സഹിതം)
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം
Dr Vivek Stephen, Koikalethu Puthen Veedu, Carmel Nagar-II Street, Asokapuram, Aluva, Ernakulam- 686101
ഡോ ശ്രീകാന്ത് പി , ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), താലൂക്ക് ആസ്ഥാന ആശുപത്രി, പുനലൂർ, കൊല്ലം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 19-09-2025 12:03:01

സെക്ഷൻ ഓഫീസർ

**<u>മേലെഴുത്തു നം. ഇ.ബി1 -13912/2025/ആ.വ.ഡ തീയതി</u> 20-09-2025**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 20-09-2025 16:41:42

ആരോഗ്യ വകുപ്പ് ഡയറക്ടർ